പുസ്തകം

കെ. അശ്റഫ്

# ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പരിണാമം

**ഇന്ത്യൻ** മുസ്‌ലിംകളുടെ വർത്തമാനാവസ്ഥകളെ കൃത്യമായി വിലയിരുത്തുന്ന ഏറെ അക്കാദമിക പഠനങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ കുറവ് അൽപമെങ്കിലും നികത്തുന്നുണ്ട്, പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റി കഴിഞ്ഞവർഷം നവംബറിൽ പുറത്തിറക്കിയ 'ഇസ്‌ലാമിസവും ജനാധിപത്യവും ഇന്ത്യയിൽ: ജമാഅത്തെ ഇസ്‌ലാമിയുടെ പരിണാമം' എന്ന പുസ്തകം. ഇർഫാൻ അഹമദാണ് രചയിതാവ്. ബീഹാറിൽ ജനിച്ച് ജെ.എൻ.യുവിൽനിന്ന് 1996ൽ ജമാഅത്തിനെക്കുറിച്ച് എം.ഫിൽ പ്രബന്ധമെഴുതിയ ഇർഫാൻ ഇപ്പോൾ ആസ്ത്രേലിയയിൽ മൊണാഷ് യൂനിവേഴ്സിറ്റിയിൽ നരവംശ ശാസ്ത്ര അധ്യാപകനാണ്. പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയാണ് അന്താരാഷ്ട്ര വിപണിയിൽ പുസ്തകം എത്തിക്കുന്നത്. പെർമനന്റ് ബ്ലാക് ഈ വർഷം ജനുവരിയിൽ പുറത്തിറക്കിയ പതിപ്പാണ് ഇവിടെ അവലംബം.



■ ഇർഫാൻ അഹ്മദ്

ജമാഅത്തിനെ കുറിച്ചാവുമ്പോൾ സാധാരണ പറഞ്ഞുവരാറുള്ള 'ഭീകരതയുടെ തലതൊട്ടപ്പന്മാർ' 'മൗദൂദി=ഗോൾവാൾക്കർ' തുടങ്ങിയ പതിവു ആരോപണങ്ങളിൽ നിന്നു മാറിപുതിയൊരു പരിപ്രേക്ഷ്യത്തിലൂടെ വിശകലനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാണ് ഇർഫാൻ ശ്രമിക്കുന്നത്. ഇതാണ് ഈ പുസ്തകത്തെ ശ്രദ്ധേയമാക്കുന്നത്.

പുസ്തകത്തെക്കുറിച്ച് ഒരു ആദ്യനോട്ടം മാത്രമാണിത്. ആഴത്തിലുള്ള വിശകലനം ധൃതി പിടിച്ചു നടത്തേണ്ട ഒന്നല്ല. തീർച്ചയായും ഈ പുസ്തകം ജമാഅത്തിനെക്കുറിച്ച സംവാദങ്ങളുടെ മുഖ്യകേന്ദ്രമാവുമെന്നുറപ്പാണ്. മൗദൂദിയുടെ സാമൂഹിക-രാഷ്ട്രീയ-മത-സാംസ്കാരിക ജീവിതത്തിൽ തുടങ്ങി, വിഭജനവും കോളനിയാനന്തര ഇന്ത്യൻ മുസ്‌ലിം ജീവിതവുമാണ് ഇർഫാൻ അഹ്മദ് പരിശോധിക്കുന്നത്. 2002ൽ യു.പി.എക്ക് നൽകിയ തെരഞ്ഞെടുപ്പ് പിന്തുണവരെയാണ് ജമാഅത്തിനെക്കുറിച്ച പഠനത്തിന്റെ വ്യാപ്തി.

ജമാഅത്ത് പ്രത്യയശാസ്ത്രപരമായി എന്താണ് പറയുന്നത് എന്നതിനേക്കാൾ പ്രായോഗികമായി എന്താണ് ചെയ്യുന്നത് എന്നാണ് ഇർഫാൻ അഹ്മദ് പരിശോധിക്കുന്നത്. ജമാഅത്തിന്റെ പ്രവർത്തനങ്ങളുടെ (ആശയാദർശങ്ങളുടെയും പാർട്ടി വിശദീകരണങ്ങളുടെയും) അപ്പുറത്ത് കുറച്ചുകൂടി ചരിത്രപരവും നരവംശശാസ്ത്രപര

വുമായ സമീപനങ്ങളാണ് ഇർഫാൻ അഹ്മദിന്റേത്.

ജമാഅത്തിന്റെ ദൽഹി കേന്ദ്ര ഓഫീസ്, അലിഗഢ് യൂനിവേഴ്സിറ്റിയിലെ എസ്.ഐ.ഒ-ജമാഅത്ത് പ്രവർത്തകർ, റാംപൂരിലെ ജമാഅത്ത് പ്രവർത്തകർ, അലീഗഢിലെ ജമാഅത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂൾ-സ്കൂളിലെ അധ്യാപകർ, എസ്.ഐ.ഒയും സിമിയും തമ്മിൽ നടന്ന സംവാദങ്ങൾ, സിമിയുടെയും ജമാഅത്തിന്റെയും നയപരിപാടിയിലെ വ്യത്യാസങ്ങൾ, ഇവക്ക് ഇരുപക്ഷവും നൽകിയ വിശദീകരണങ്ങൾ, എഫ്.ഡി.സി.എയുടെ രൂപീകരണവുമായും ജമാഅത്തിന്റെ പോളിസി മാറ്റങ്ങളുമായും ബന്ധപ്പെട്ട് *ദഅ്വത്തി*ലും *സിന്ദഗി*യിലും നടന്ന സംവാദങ്ങൾ ഒക്കെ പരിശോധിക്കുകയും പുസ്തകത്തിലുടനീളം ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു സൈദ്ധാന്തിക അഭിപ്രായ പ്രകടനമെന്നതിലുപരി, അനുഭവപരമായ (Empirical) ഫീൽഡ് റിസർച്ച് കൂടിയാണ് ഈ പുസ്തകം.


ഇന്ത്യയിൽ കൊളോണിയലിസത്തോടെ പരിചയപ്പെടുത്തപ്പെട്ട മതേതര ആധുനികതയോടുള്ള നിരവധി പ്രതികരണങ്ങളിലൊന്നായാണ് ഇർഫാൻ അഹ്മദ് ജമാഅത്തിനെ കാണുന്നത്. ഗാന്ധി, അംബേദ്കർ തുടങ്ങി ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, മുസ്ലിംലീഗ്, കമ്യൂണിസ്റ്റ് പാർട്ടികൾ എല്ലാം മതേതര ആധുനികതയോട് പലരീതിയിൽ സംവദിച്ചവരാണ്. ഈ സമീപനം തന്നെ വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ സവിശേഷ രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമായി ജമാഅത്തിനെ കാണാനും ഇവിടത്തെ രാഷ്ട്രീയ പ്രതിസന്ധികളുടെ ഉൽപന്നമെന്ന നിലയിൽ ജമാഅത്തിനെ ഉൾക്കൊള്ളാനും കഴിയുന്നു എന്നത് പുതിയൊരു സമീപനത്തിന്റെ നിദർശനമാണ്. സിതാറാം യെച്ചൂരി അടക്കമുള്ളവർ ഇപ്പോഴും ജമാഅത്തിനെ ആധുനിക രാഷ്ട്രീയ പ്രക്രിയക്കു പുറത്തുള്ളവരായിട്ടാണ് മനസ്സിലാക്കുന്നത്. മുസ്‌ലിമിന്റെ ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ സവിശേഷ സ്ഥിതിയെ കണക്കിലെടുക്കാൻ യെച്ചൂരിയുടെ രീതിശാസ്ത്രം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. അതിനാലാണ് പൂർവാധുനികമെന്ന (Pre-modern) വിശേഷണത്തോടെ ജമാഅത്തിനെ കൈകാര്യം ചെയ്യാൻ തുടങ്ങിയത്.

ഇവിടെ ഇർഫാൻ അഹ്മദ് 1930 മുതലുള്ള രാഷ്ട്രീയ സ്ഥിതിയുടെ ഭാഗമായി ജമാഅത്തിനെ മനസ്സിലാക്കുകയും സവിശേഷമായൊരു ആധുനികത പുലർത്തിയ വിഭാഗമായി ജമാഅത്തിനെ മനസ്സിലാക്കുകയും ചെയ്യുന്നു. ഈയൊരു രീതിശാസ്ത്രപരമായ വിഘടനം (shift) വളരെ പ്രാധാന്യപൂർവം അടിവരയിടേണ്ടതാണ്.

മതേതരത്വത്തെയാണ് ദേശരാഷ്ട്രത്തിന്റെ ഉൾക്കൊള്ളൽ പ്രക്രിയയുടെ മുഖ്യ അവലംബമായി സങ്കൽപിച്ചിരുന്നത്. ഈ സങ്കൽപത്തിനു പുറത്താണ് ജമാഅത്തിനെ സാമ്പ്രദായിക വിശകലനങ്ങൾ രൂപപ്പെടുത്തിയത്. പൊതുദേശീയതാ രൂപീകരണത്തിലൊന്നും പങ്കില്ലാതെ നിൽക്കുന്ന 'നിർഗുണ' സ്വത്വമായി അത് ജമാഅത്തിനെ അടയാളപ്പെടുത്തുകയും ചെയ്തു. അതോടൊപ്പം ദേശീയതയുടെ അഖണ്ഡത രൂപീകരിക്കാൻ ഊട്ടിയുറപ്പിക്കുന്ന 'അപര' (other)മായി ജമാഅത്തിനെ കാണുന്ന വിരോധാഭാസവുമുണ്ട്. ഉദാഹരണത്തിന്, 2002-ൽ മുരളി മനോഹർ ജോഷി ജമാഅത്തിനെ പരിഗണിക്കുന്നത് ഹിന്ദു രാഷ്ട്രത്തിന് സാധുത നൽകുന്ന 'മുസ്‌ലിം രാഷ്ട്ര' വാദികളായിട്ടാണ്. ഇങ്ങനെ അപരവൽക്കരിക്കുന്ന ഒരു പ്രക്രിയയിൽനിന്നു വിഭിന്നമായി മുഖ്യധാരാ വ്യവഹാരങ്ങളുടെ നിർമിതിയിൽ പങ്കുവഹിക്കുന്ന ഒരു പ്രയോഗമെന്ന നിലയിൽ ജമാഅത്തിനെ ഇർഫാൻ അഹ്മദ് കാണുന്നു. അതായത്, പൊതു ദേശീയതാ രൂപവൽക്കരണത്തെ ത്വരിപ്പിച്ച ഘടകങ്ങളിലൊന്ന് എന്ന നിലക്കാണ് മൗദൂദിയുടെയും ജമാഅത്തിന്റെയും സ്ഥാനം. സാധാരണ പറയാറുള്ളതു പോലെ, മുഖ്യധാ

രയെ നിർവചിക്കുന്നതും നിർമിക്കുന്നതും മുഖ്യധാരക്കപ്പുറത്തുള്ള കളികൾ തന്നെയാണ്.

ഇന്ത്യയിൽ ഹൈന്ദവ വരേണ്യതയിലധിഷ്ഠിതമായ പൊതു ദേശീയതയെ നിർമിക്കുന്നതിനായിരുന്നു ജമാഅത്തിന്റെ 'മതരാഷ്ട്രവിഭജനത്തെ' പലരും ഉയർത്തിപ്പിടിച്ചത്. 1948-ൽ ദേശരാഷ്ട്രത്തിന്റെ രൂപീകരണത്തിനു ശേഷം സ്റ്റേറ്റിനെ നിർമിക്കുന്ന സാമൂഹിക ശേഷിയെ മുൻനിർത്തിയാണ് ജമാഅത്ത് ഹുകൂമത്തെ ഇലാഹിയിൽനിന്നും ഇഖാമതുദ്ദീനിലേക്ക് ചുവടുമാറുന്നത്. അതായത്, കൊളോണിയലിസത്തിന് മറുപടി സ്റ്റേറ്റായിരുന്നപ്പോഴാണ് ജമാഅത്ത് അതിന് പ്രഥമ പരിഗണന നൽകിയത്. പിന്നീട് രാഷ്ട്ര രൂപീകരണത്തിന് ശേഷം സാമൂഹിക പുനർനിർമാണത്തിലൂടെ ക്ഷേമരാഷ്ട്രം എന്ന സങ്കൽപമാണ് ജമാഅത്ത് പുലർത്തിയത് (*സിന്ദഗി നൗ*-2002). ഈയർഥത്തിൽ ജമാഅത്തിന്റെ നയംമാറ്റങ്ങൾ ഇന്ത്യയുടെ സവിശേഷമായ സാമൂഹിക സന്ദർഭത്തെ മുൻനിർത്തിയായിരുന്നുവെന്നാണ് മനസ്സിലാവുന്നത്.




പുസ്തകത്തിലെ മുഴുവൻ ഫീൽഡ് റിസർച്ചിലൂടെയും ഇർഫാൻ അഹ്മദ് ചോദിക്കുന്നത് ഇതാണ്. കോളനിയാനന്തരം ഇന്ത്യയുടെ സവിശേഷമായ മതേതര ജനാധിപത്യ പ്രക്രിയയുടെ ഭാഗമാവാൻ ജമാഅത്തിന് കഴിഞ്ഞോ? അല്ലെങ്കിൽ, ജമാഅത്തിന്റെ ഭാഗമാകാൻ മതേതര ജനാധിപത്യത്തിന് കഴിഞ്ഞോ? ഇസ്‌ലാമും ജനാധിപത്യവും തമ്മിലെ കൊടുക്കൽ വാങ്ങലായിരുന്നു ഒരർഥത്തിൽ ഇന്ത്യയിൽ കഴിഞ്ഞ അര നൂറ്റാണ്ടായി നടന്നത്. ലോകത്ത് നടക്കുന്ന മറ്റു ഇസ്‌ലാമിക ചലനങ്ങളെ പോലെ തന്നെ സവിശേഷമായ പ്രാധാന്യമർഹിക്കുന്നതാണ് ഇന്ത്യയിലേതുമെന്ന് ഇർഫാൻ അഹ്മദ് വിശദീകരിക്കുന്നു. ജമാഅത്ത് ജനാധിപത്യത്തോട് സന്ധി ചെയ്തു / ജനാധിപത്യം ജമാഅത്തിനോട് സന്ധി ചെയ്തു എന്ന നിർവചനങ്ങൾക്കുപുറത്ത് ജനാധിപത്യം, ഹൈന്ദവ ഫാഷിസം, മുസ്‌ലിം പൊതുജീവിതം തുടങ്ങിയ നിരവധി സങ്കീർണതകൾക്ക് അകത്താണ് ഇർഫാൻ അഹ്മദ് ജമാഅത്തിനെ പരിശോധിക്കുന്നത്. ജമാഅത്ത് 'മിതവാദികളായി' എന്നു പറയുന്നത് 'സന്ധി ചെയ്തു' എന്ന അർഥത്തിലല്ല, മറിച്ച് കൃത്യമായ തീരുമാനങ്ങളെടുക്കാനും മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ വിശദീകരിക്കാനും കഴിഞ്ഞു എന്നതിനാലാണ്. ഇന്ത്യയിലെ ഇസ്‌ലാമിസ്റ്റ് ഇടപെടലുകൾ നടക്കുന്നത് മതേതര ജനാധിപത്യത്തിന്റെ വലിയ കാൻവാസിലാണെന്നതാണ് ശരി. ഏതാണ്ട് പത്തുപന്ത്രണ്ട് വർഷത്തെ കഠിനാധ്വാനമാണ് ഈ പുസ്തകത്തെ സാധ്യമാക്കിയത്.

ഇർഫാൻ അഹ്മദിന്റെ തീർപ്പുകൾ മുഴുവൻ ശരിയാവണമെന്നില്ല; പ്രത്യേകിച്ച്, ഉത്തരേന്ത്യൻ സാഹചര്യത്തിൽ മാത്രം ജമാഅത്തിനെ നിർവചിക്കുന്നതാവുമ്പോൾ. എന്നിരുന്നാലും ഗുണകരമായ ഒരു വിമർശന രീതിയായി ഈ പുസ്തകം അനുഭവപ്പെടുന്നു. ■

**Islamism and Democracy In India**
**Transformation of Jamaat e Islami**
**IRFAN AHMED**
**Permanent Black**
**Rs. 695**